## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 618 10/06/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗത്തിലെ ദുർബല വിഭാഗക്കാരുടെ ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റ്റി.യു. കുരുവിള : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | കോതമംഗലം നിയോജക മണ്ഡലത്തിലെ വാരിയം കുടിയിലെ ആദിവാസി കുടുംബങ്ങൾക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ | കോതമംഗലം നിയോജക മണ്ഡലത്തിലെ വാരിയം കുടിയിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി അവരുടെ കൈവശമുള്ള 939 ഏക്കർ ഭൂമിയ്ക്ക് പകരം മലയാറ്റൂർ ഡിവിഷനിൽ കുട്ടമ്പുഴ റെയ്ഞ്ചിൽപ്പെട്ട 523 ഏക്കർ വന ഭൂമി വിട്ടു നൽകുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന വനം വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അയച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യണമെന്ന മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി | ഇവർക്ക് എന്ന് സർക്കാർ തീരുമാനപ്രകാരമുള്ള ഭൂമി നൽകുമെന്ന് വ്യക്തമാക്കുമോ ; | ബി | വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാൽ എത്രയും വേഗം ഭൂമി നൽകുന്നതാണ്. |
| സി | പട്ടികവർഗ്ഗത്തിൽപ്പെട്ട ഏറ്റവും ദുർബ്ബല വിഭാഗക്കാരുടെ ക്ഷേമത്തിനായി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ എത്രയും വേഗം നടപ്പാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | സി | പട്ടികവർഗ്ഗക്കാർക്ക് വേണ്ടി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ അടക്കം അവരുടെ ക്ഷേമത്തിനായുള്ള സർക്കാർ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെയും മറ്റും അനുമതി ആവശ്യമായ കാര്യങ്ങളിൽ അപ്രകാരമുള്ള അനുമതി നിയമാനുസൃതം ലഭിച്ചാൽ മാത്രമേ തീരുമാനം നടപ്പാക്കാനാകുകയുള്ളു. എത്രയും വേഗം അനുമതി ലഭിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |

R.V.

സെക്ഷൻ ഓഫീസർ